Malappuram District Police

## 21/11/2017 മലപ്പുറം

കൈക്കൂലി വാങ്ങുന്നതിനിടയിൽ മഞ്ചേരി വാണിജ്യനികുതി സെക്കൻഡ് ഓഫീസര് വി.പി. യൂസഫ് വിജിലൻസ് പിടിയിൽ. ഇയാൾ കൈക്കൂലി ആവശ്യപ്പെട്ടെന്ന പരാതിയിൽ വിജിലൻസ് നടത്തിയ നീക്കത്തിലായിരുന്നു അറസ്റ്റ്. മഞ്ചേരിയിലെ സ്വകാര്യ കമ്പ്യൂട്ടർ കടയുടമയോട് നികുതി കുറച്ചു നൽകാന് കൈക്കൂലി ആവശ്യപ്പെട്ടെന്ന പരാതിയെ തുടർന്നാണ് മലപ്പുറം വിജിലൻസ് ഡിവൈ.എസ്.പി: എ. രാമചന്ദ്രനും സംഘവും അന്വേഷണം നടത്തിയത്. കടയുടമ മൊറയൂർ സ്വദേശി ആനക്കല്ലിങ്ങല് അബ്ദുറഹ്മാന് 3,53,41,750 രൂപയാണു കടയിലെ വിറ്റുവരവായി വാണിജ്യ നികുതി ഓഫീസിൽ കാണിച്ചിരുന്നത്. എന്നാൽ 3,94,90,940 രൂപയുടെ വിറ്റുവരവുള്ളതായി വാണിജ്യനികുതി സെക്കൻഡ് ഓഫീസര് വി.പി. യൂസഫ് കണ്ടെത്തി. അധികമായി വന്ന 41,49,190 രൂപയ്ക്ക് നാലു ശതമാനം നികുതികൂടി അടയ്ക്കാന് ആവശ്യപ്പെടുകയായിരുന്നു. ഇതിൽനിന്നൊഴിവാക്കാന് 60,000 രൂപയുടെ ലാപ്ടോപ്പ് ഉദ്യോഗസ്ഥന് ആവശ്യപ്പെട്ടു.

ഇതു നൽകാനാവില്ലെന്ന് അറിയിച്ചപ്പോള് പണമായി നൽകിയാല് മതിയെന്നും പരാതിക്കാരനോട് പറഞ്ഞു. തുടർന്നാണ് കടയുടമ അബ്ദുറഹ്മാന് വിജിലൻസിനെ സമീപിച്ചത്.

വിജിലൻസിന്റെ നിർദ്ദേശപ്രകാരം ഫിനോഫ്തലിന് പുരട്ടിയ പണവുമായി അബ്ദുറഹ്മാന് വാണിജ്യനികുതി ഓഫീസിലെത്തി തുക വി. പി. യൂസഫിന് കൈമാറി. ഉടൻ വിജിലൻസ് സംഘം ഇയാളെ അറസ്റ്റു ചെയ്ുകയായിരയുന്നു. നടപടിക്രമങ്ങൾ പൂർത്തിയാക്കി മലപ്പുറത്തേക്കു കൊണ്ടുപോയ വാണിജ്യനികുതി ഉദ്യോഗസ്ഥനെ കോടതിയില് ഹാജരാക്കി. ഡിവൈ.എസ്.പിക്കു പുറമേ സി.ഐ: എം. ഗംഗാധരൻ, എസ്.ഐമാരായ എം.വി. സുരേഷ്, എം. വിജയൻ, എ.എസ്.ഐ: പി. ശ്രീനിവാസൻ എന്നിവരാണ് വിജിലൻസ് സംഘത്തിലുണ്ടായിരുന്നത്.